ആർ.സി.എച്ച്. പ്രോഗ്രാം

131 (3085) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.സി.എച്ച്. പ്രോഗ്രാമിനുവേണ്ടി കേരള സർക്കാരിന് 1996 മുതൽ എത്ര കോടി രൂപ വിവിധ ഏജൻസികളിൽ നിന്നും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഈ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) നാളിതുവരെ എത്രകോടി ഇതിനായി ചെലവഴിച്ചു ; അവ ഏതെല്ലാം ആവശ്യത്തിനാണ് ചെലവഴിച്ചത് എന്നതിനെ കുറിച്ച് ഒരു അന്വേഷണം നടത്തുവാൻ തയ്യാറാകുമോ ;

(ഇ) ആർ.സി.എച്ച്. പ്രോഗ്രാം നടത്തുന്നതിന്റെ നിയന്ത്രണം ആരോഗ്യ വകുപ്പിന്റെ ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥർക്കായിരുന്നു ;

(എഫ്) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങളെ സംബന്ധിച്ച വസ്തുനിഷ്ഠമായ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 1998 മാർച്ച് മുതൽ ആർ.സി.എച്ച്. പ്രോഗ്രാമിന് ലോകബാങ്ക്, യൂറോപ്യൻ കമ്മീഷൻ യു.എൻ.എഫ്.പി.എ.(യുണൈറ്റഡ് നേഷൻസ് ഫണ്ട് ഫോർ പോപ്പുലേഷൻ ആക്ടിവിറ്റീസ്) എന്നീ ഏജൻസികളിൽ നിന്നും ആകെ 43,58,11,960 (നാൽപത്തി മൂന്നുകോടി അൻപത്തെട്ട് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി അറുപതു രൂപ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ കാലാവധിക്കുള്ളിൽ വിഭാവനം ചെയ്തിരുന്ന മിക്കവാറും പ്രവർത്തനങ്ങൾ പൂർത്തിയാകുകയും ശേഷിക്കുന്നവ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ഡി) 36,06,19,115 രൂപ (മുപ്പത്താറ് കോടി ആറുലക്ഷത്തി പത്തൊമ്പതിനായിരത്തി ഒരുനൂറ്റി പതിനഞ്ചു രൂപ), മേൽപ്പറഞ്ഞ തുക ധനസഹായ ഏജൻസികളുടെ മാർഗ്ഗരേഖകൾക്ക് അനുസരണമായിട്ടാണ് ചെലവഴിച്ചത് എന്നതിനാൽ ഇപ്പോൾ അന്വേഷണത്തിന്റെ ആവശ്യമില്ല.

(ഇ) ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉന്നതാധികാര കമ്മിറ്റിയും ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറെ (കുടുംബക്ഷേമം) പ്രോജക്ട് ഡയറക്ടറായും പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ ആർ.സി.എച്ച്. ഓഫീസർമാരെയും ചുമതലപ്പെടുത്തിയിരിക്കുന്നു.

(എഫ്) പദ്ധതിയുടെ കാലാവധി കഴിയാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly